# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.598 — 06.02.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### മൂലധനച്ചെലവും നികുതിയും

| | | |
|---|---|---|
| എ) | മൂലധനച്ചെലവ് നടപ്പുവർഷം ജനുവരി 15 വരെ എത്ര കോടി രൂപയായിരുന്നു; കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയായിരുന്നു; വ്യക്തമാക്കുമോ; | 2012 ഡിസംബർ 31 വരെയുള്ള പ്രാരംഭ കണക്കുകൾ മാത്രമാണ് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടുള്ളത്. അതുപ്രകാരം നടപ്പു സമ്പത്തിക വർഷം 2012 ഡിസംബർ 31 വരെയുള്ള മൂലധനച്ചെലവ് 1948.97 കോടി രൂപയാണ്. 2011-12 സാമ്പത്തിക വർഷം സമാന കാലയളവിൽ മൂലധനച്ചെലവ് 1704.67 കോടി രൂപ ആയിരുന്നു. |
| (ബി) | സാമൂഹ്യക്ഷേമ പെൻഷനുകൾ ജനുവരിവരെയുള്ള ഗഡുക്കൾ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ആയതിനായി നടപ്പുവർഷം ജനുവരി 31 വരെ ചെലവഴിച്ച തുക എത്ര; | പുതുക്കിയ നിരക്കിലുള്ള വിവിധ സാമൂഹ്യ പെൻഷനുകൾ നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷം ബജറ്റ് വിഹിതമായ 866.87 കോടി രൂപയ്ക്ക് പുറമേ 116.30 കോടി രൂപ അധികമായി ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇതിൽ 917.19 കോടി രൂപ 2012 നവംബർ 30 വരെയുള്ള വിവിധ സാമൂഹ്യ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 2013 മാർച്ച് മാസം വരെയുള്ള പെൻഷൻ മാർച്ച് മാസം ആദ്യവാരം തന്നെ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകികഴിഞ്ഞു. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനു നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | വിലക്കയറ്റം പിടിച്ചുനിർത്താൻ വിപണിയിൽ ഇടപെടുന്നതിന് 2013 ജനുവരി 15 വരെ എന്ത് തുക ചെലവഴിച്ചു; | വിലക്കയറ്റം പിടിച്ചുനിർത്താൻ വിപണിയിൽ ഇടപെടുന്നതിന് നടപ്പു സാമ്പത്തിക വർഷം 2012 ഡിസംബർ 31 വരെ 623.30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | 2013 ജനുവരി 15 വരെ നികുതിയിനത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിക്കുവാൻ കഴിഞ്ഞ വകുപ്പ് ഏതെന്നും എത്ര തുക നികുതിയിനത്തിൽ ഇതേവരെ സമാഹരിച്ചുവെന്നും വ്യക്തമാക്കുമോ; | അക്കൗണ്ടൻറ് ജനറലിൻെറ 31.12.2012 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം വില്പന നികുതിയിനത്തിൽ നിന്നാണ് നടപ്പു സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ തുക സംസ്ഥാന സർക്കാരിന് ലഭിച്ചത് . ഇതേവരെ വിവിധ നികുതിയിനങ്ങളിൽ നിന്ന് 21445.22 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (ഇ) | ഈ വർഷം ഇതേവരെ കടപത്രത്തിലൂടെ എത്ര കോടി രൂപ സമാഹരിച്ചു; വ്യക്തമാക്കുമോ; | 2012-13 സാമ്പത്തിക വർഷത്തിൽ 22.01.2013 വരെ 10350 കോടി രൂപയാണ് കടപ്പത്രത്തിലൂടെ സമാഹരിച്ചിട്ടുള്ളത്. |
| (എഫ്) | 2013 ജനുവരി 15 ആയപ്പോൾ സംസ്ഥാനത്തിൻെറ പൊതുകടം എത്രയായി വർദ്ധിച്ചു; അതിനാൽ, സംസ്ഥാനത്തിൻെറ പ്രതിശീർഷ കടം എത്രയായി എന്ന് വ്യക്തമാക്കുമോ? | 2012 ഡിസംബർ 31 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിൻെറ കടബാധ്യത 96885.06 കോടി രൂപയാണ്. എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കണക്കാക്കിയിട്ടുള്ള അർദ്ധ വാർഷിക ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ സംസ്ഥാനത്തിൻെറ പ്രതിശീർഷ കട ബാധ്യത 27920.77 രൂപയാണ്. |

സെക്ഷൻ ഓഫീസർ